(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച 1550 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വടക്കാഞ്ചേരി മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പുരോഗതി

135 (1088) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം മുതൽ ക്ലാസ്സ് ആരംഭിക്കാൻ സാധിക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 12-ാം തീയതി നിർവ്വഹിച്ചു.

(സി) അടുത്ത അദ്ധ്യയന വർഷം (2011-12) മുതൽ ഇവിടെ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

136 (1099) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനരീതി വിശദമാക്കുമോ ;

(ബി) നവോദയ വിദ്യാലയങ്ങളുടെ മാതൃകയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ സമിതികളാണ് നിലവിലുള്ളതെന്നും അവയ്ക്ക് ഏതൊക്കെ ചുമതലകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly